(ഡി) ഇതുവരെ തീരുമാനിച്ചിട്ടില്ല.

(ഇ) എറണാകുളത്ത് നടന്ന സംസ്ഥാന സ്കൂൾ കലോൽസവത്തിന്റെ സർട്ടിഫിക്കറ്റ് മാത്രം പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് നൽകിയ മാതൃകയിൽ അച്ചടിച്ചു നൽകിയിട്ടുണ്ട്.

(എഫ്) കലോൽസവത്തിന്റെ മറ്റു അച്ചടി ജോലികൾ സ്ഥാപനത്തിന് ലഭിച്ചിരുന്നില്ല.

ചാരുംമൂട്ടിൽ എ. ഇ. ഒ. ആഫീസ് തുടങ്ങുന്നതിന് നടപടി

37 [334] ശ്രീ. കെ. കെ. ഷാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ ചാരുംമൂട് കേന്ദ്രമാക്കി ഒരു എ. ഇ. ഒ. ആഫീസ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) എന്നത്തേക്ക് ചാരുംമൂട്ടിൽ എ. ഇ. ഒ. ആഫീസ് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ചാരുംമൂട് കേന്ദ്രമാക്കി ഒരു പുതിയ എ. ഇ. ഒ. ആഫീസ് ആരംഭിക്കണമെന്ന നിവേദനം സർക്കാർ വിശദമായി പരിശോധിക്കുകയും ഇപ്പോൾ നിലവിലുള്ള സ്കൂളുകളുടെ എണ്ണം അടിസ്ഥാനപ്പെടുത്തി ചാരുംമൂട്ടിൽ ഒരു ഉപജില്ലാ വിദ്യാഭ്യാസ ആഫീസ് പുതുതായി രൂപീകരിക്കേണ്ട ആവശ്യമില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വിദ്യാഭ്യാസ വകുപ്പിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ കൂടുതൽ ജീവനക്കാരെ നിയമിക്കുന്നതിന് നടപടി

38 [335] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, ഹയർ സെക്കണ്ടറി സ്കൂളുകളുടെ എണ്ണവും, ടി സ്കൂളുകളിലെ അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടെ എണ്ണവും ആകെ വിദ്യാർത്ഥികളുടെ എണ്ണവും എത്രയാണ്;

(ബി) ഈ വകുപ്പിലെ ഭരണപരവും അക്കാദമിക്-പരീക്ഷാ സംബന്ധമായ ജോലികൾ നിർവഹിക്കുന്നതിന് എത്ര ജീവനക്കാരുണ്ടെന്ന് പറയാമോ;

(സി) വിദ്യാർത്ഥികളുടെയും സ്കൂളുകളുടെയും അദ്ധ്യാപകരുടെയും എണ്ണം വർദ്ധിച്ചിച്ചതനുസരിച്ച് കാര്യക്ഷമമായി വകുപ്പിലെ പ്രവർത്തനങ്ങൾ നിർവഹിക്കുവാൻ ജീവനക്കാരെ നിയമിക്കാത്തതിനുള്ള കാരണങ്ങളെന്താണ്;

LIBRARY ARCHIVES Kerala Legislative Assembly